കേരള സർക്കാർ
സംഗ്രഹം

വനം വകുപ്പ് ചേർത്തല വള്ളത്തൊഴിലാളി കൗൺസിലിന് മുളയുടെ വില തിരികെ നല്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

വനം, വന്യ ജീവി(ഡി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാരണ) 371/89/വനം. തിരുവനന്തപുരം തീയതി 20.7.89

==========================================================================

പരാമർശം: 1. 12.10.78 ലെ ജി. ഒ. ആർ. ടി 2674/78/കൃഷി
2. 12.7.85 ലെ സർക്കാർ ഉത്തരവ് (സാധാരണ) 1721/ 85 കൃഷി:
3. 28.4.89 ലെ ജി 4 – 11236/89 നംപറായ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കത്ത്

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള വള്ളത്തൊഴിലാളി കൗൺസിലിന് 5000 മുളകൾ അനുവദിച്ചിരുന്നു. അതിൻപ്രകാരം വള്ളത്തൊഴിലാളി കൗൺസിൽ 5000 മുളയുടെ വില അടച്ചിരുന്നുവെങ്കിലും ആവശ്യത്തിന് നീളമുള്ള മുളകൾ ലഭ്യമല്ലാതിരുന്നതുകൊണ്ട് പരാമരശം രണ്ടിലെ ഉത്തരവിൽ ചേർത്തല വള്ളത്തൊഴിലാളി കൗൺസിലിന് 9 മീ. നീളമുള്ള ബാക്കി 3474 മുളകൾ വനം വകുപ്പ് ശേഖരിച്ച് വില്പനവില നിജപ്പെടുത്താൻ നിയമമനുസരിച്ചുള്ള വിലയും മറ്റു ചാർജ്ജുകളും മുൻ ബാക്കി നല്കി കൗണ്ടസിലിന് നല്കേണ്ടതായ 3647.70 രൂപ കുറവു ചെയ്ത് ബാക്കി തുക ഈടാക്കി വിതരണം ചെയ്യാൻ ഉത്തരവായി. എന്നാൽ ഇതിന്റെ വെളിച്ചത്തിൽ കൗൺസിൽ ഉടമ്പടി വയ്ക്കുകയോ സെക്യൂരിറ്റി അടക്കുകയോ ചെയ്തില്ലന്നും മുഖ്യ വനപാലകൻ അറിയിക്കുന്നു. ആയതിനാൾ 1526 മുളയുടെ വില കുറച്ച് ബാക്കി തുകയായാ 3647.70 (മൂവായിരത്തി അറുന്നൂറ്റി നാല്പത്തിയേഴ് രൂപ 70 പൈസ) രൂപ ചേർത്തല വള്ളത്തൊഴിലാളി കൗൺസിലിന് തിരിച്ചുകൊടുക്കാൻ പരാമർശം 3 ലെ കത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിരിക്കുന്നു.

2. മേൽ പറഞ്ഞ സാഹചര്യത്തിൽ 3647.70 രൂപ (മൂവായിരത്തി അറുന്നൂറ്റി നാല്പത്തിയേഴ് രൂപ 70പത് പൈസ) സർക്കാർ റവന്യൂവിൽ നിന്നും ചേർത്തല വള്ളത്തൊഴിലാളി കൗൺസിലിന് തിരിച്ച് നല്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ആർ ദിവാകരൻ നായർ
അണ്ടർ സെക്രട്ടറി.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) അക്കൗണ്ടന്റ് എന്റൈറ്റിൽമെന്റ് ധനകാര്യ വകുപ്പ് 5.6.86 ലെ 4142/ എ. ഡബ്ള്യു: 89/ ധന. അനുസരിച്ച്)